File No.LSGD-FM2/33/2020-LSGD



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭാ ദിനാഘോഷം 2020 -ആഘോഷപരിപാടികൾക്ക് നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.420/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി, 19/02/2020**

---

പരാമർശം:- നഗരസഭാ ഡയറക്ടറുടെ 07/02/2020 ലെ G2/887/20 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2020 മാർച്ച് 14 ,15 തീയതികളിലായി അങ്കമാലി നഗരസഭയിൽ വച്ച് നഗരസഭാ ദിനാഘോഷം നടത്തുന്നതിന് കോർപ്പറേഷനുകളിൽ നിന്ന് രണ്ടു ലക്ഷം രൂപ വീതവും മുനിസിപ്പാലിറ്റികളിൽ നിന്ന് 50,000/- രൂപ വീതവും ആതിഥേയരായ അങ്കമാലി നഗരസഭയിൽ നിന്ന് അഞ്ചു ലക്ഷം രൂപയും സംഭാവന സ്വീകരിക്കുന്നതിന് അനുമതി നൽകണമെന്നും , സംഭാവന നൽകുന്നതിന് നഗരസഭകൾക്ക് യഥേഷ്ടാനുമതി നല്കണമെന്നും നഗരസഭാ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020 മാർച്ച് 14 ,15 തീയതികളിലായി അങ്കമാലി നഗരസഭയിൽ വച്ച് നഗരസഭാ ദിനാഘോഷം നടത്തുന്നതിന് കോർപ്പറേഷനുകളിൽ നിന്ന് 2,00,000/-രൂപ വീതവും (രണ്ടു ലക്ഷം രൂപ) മുനിസിപ്പാലിറ്റികളിൽ നിന്ന് 50,000 / -രൂപ വീതവും (അമ്പതിനായിരം രൂപ) ആതിഥേയരായ അങ്കമാലി നഗരസഭയിൽ നിന്ന് 5,00,000/- രൂപയും (അഞ്ചു ലക്ഷം രൂപ) സംഭാവന സ്വീകരിക്കുന്നതിനും, ടി തുക തനത് ഫണ്ടിൽ നിന്നും സംഭാവനയായി നൽകുന്നതിന് നഗരസഭകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട മുനിസിപ്പാലിറ്റുകൾ,കോപ്പറേഷനുകൾ(പകർപ്പ്നഗരകാര്യഡയറക്ടർ,തിരുവനന്തപുരം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown
Digitally signed by SMITHA B CHANDRA
Date: 2020.02.19 15:58:44 IST
Reason: Approved